**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നം. 218**

**05.05.2017-ൽ മറുപടിയ്ക്ക്**

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. വി.എസ്. ശിവകുമാർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ മത്സ്യസമ്പത്ത് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (എ) | ഉണ്ട്. മാറിക്കൊണ്ടിരിക്കുന്ന ഭൗമാന്തരീക്ഷത്തിന്റെയും, കടലിലെ ആവാസ വ്യവസ്ഥയുടെയും, അനിയന്ത്രിതമായി ചെറുമത്സ്യങ്ങളെ പിടിക്കുന്നതിന്റെയും പരിണിത ഫലമായി കടലിൽ മത്സ്യസമ്പത്ത് കുറയുന്നതായി കാണുന്നുണ്ട്. |
| (ബി) | കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (ബി) | ഉണ്ട്. കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്ന പദ്ധതി, സീറാഞ്ചിംഗ്, കൂടുകൃഷി മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | കൃത്രിമ പാരുകൾ കടലിൽ സ്ഥാപിക്കുന്ന പദ്ധതി എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളത്; | (സി) | 2011-12 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയിലൂടെ പൂവാർ, പുതിയതുറ, കരുംകുളം എന്നീ മത്സ്യ ഗ്രാമങ്ങളിലെ തീരകടലിലാണ് കൃത്രിമ പാരുകൾ നിക്ഷേപിച്ചത്. 2014-15 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ ചെലവിൽ മര്യനാട് തീരകടലിൽ 120 കോൺക്രീറ്റ് കൃത്രിമപാരുകളും 20 പ്രത്യേക പി.വി.സി കൊണ്ട് നിർമ്മിച്ച പാരുകളും നിക്ഷേപിച്ചു. ഇതു കൂടാതെ അടിമലത്തുറ മത്സ്യഗ്രാമത്തിന്റെ തീരകടലിലും 40 ലക്ഷം രൂപ ചെലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കൃത്രിമ പാരുകൾ നിക്ഷേപിച്ചു. 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ തുമ്പ, പുല്ലുവിള തീരക്കടലിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2017-18 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പുതുകുറിച്ചി, കൊച്ചുതുറ, തീരകടലിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി മൂലം മത്സ്യോത്പാദനം കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര രൂപ ചെലവിലാണ് പദ്ധതി ആവിഷ്കരിക്കുന്നത് എന്നറിയിക്കാമോ? | (ഡി) | ഈ പദ്ധതി നടപ്പിലാക്കിയതുമൂലം മത്സ്യോല്പാദനം കൂടുന്നതായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയ പഠനത്തിലൂടെ മനസ്സിലാക്കുന്നു. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ